മലയാള മനോരമ
19 April 2024



സിഎംഎഫ്ആർഐ മികച്ച സാങ്കേതിക ജീവനക്കാർക്കായി ഏർപ്പെടുത്തിയ നന്ദകുമാർ റാവു സ്മാരക പുരസ്കാരം ഡോ സുരേഷ് കുമാർ മൊജ്ജാദയും (ഇടത്ത്) എച്ച് എം ഭിന്ദും ഡോ. ബി. മീനാകുമാരിയിൽ നിന്ന് ഏറ്റുവാങ്ങുന്നു. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ സമീപം.

# പുരസ്കാരങ്ങൾ വിതരണം ചെയ്തു

കൊച്ചി● സിഎംഎഫ്ആർഐയിലെ മികച്ച സാങ്കേതിക ജീവനക്കാർക്കായി ഏർപ്പെടുത്തിയ പ്രഥമ നന്ദകുമാർ റാവു സ്മാരക പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഡോ. സുരേഷ് കുമാർ മൊജ്ജാദ (അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ ഓഫിസർ, വെരാവൽ), എച്ച്. എം. ഭിന്ദ് (ടെക്നിക്കൽ അസിസ്റ്റന്റ്, വെരാവൽ) എന്നിവർക്കാണ് ഈ വർഷം പുരസ്കാരങ്ങൾ. ദേശീയ ജൈവവൈവിധ്യ അതോറിറ്റി മുൻ ചെയർപഴ്സൻ ഡോ. ബി. മീനാകുമാരി പുരസ്കാരങ്ങൾ വിതരണം ചെയ്തു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഡോ. പി. വിജയഗോപാൽ, ഡോ. ഗ്രിൻസൻ ജോർജ്, ഡോ. വി. വി. ആർ. സുരേഷ്, ഹരീഷ് നായർ, കെ. എസ്. ശ്രീ കുമാരൻ എന്നിവർ പ്രസംഗിച്ചു.